**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3175** **14-02-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (എ) | അഴീക്കോട് നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. നാറാത്ത് ഗ്രാമപഞ്ചായത്തിലെ ആലിങ്കീഴിൽ കോട്ടാഞ്ചേരി ഞെങ്ങിലേരി മൊട്ട മാലോട്ട് കണ്ണാടി പറമ്പ് റോഡ് നവീകരണ പ്രവൃത്തി - പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>2. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ വൻകുളത്ത് വയൽ പഴയ സിൻഡിക്കേറ്റ് ബാങ്ക് മയിലാടത്തടം റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചു. (ഭരണാനുമതി തുക- 25.00 ലക്ഷം)<br>3. ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ശങ്കരൻ കട പടിഞ്ഞാറേ മൊട്ട റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. (ഭരണാനുമതി തുക- 31.20 ലക്ഷം)<br>4. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്ലൂരികടവ് മാങ്കടവ് ബോട്ട് ജെട്ടി റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചു. (ഭരണാനുമതി തുക- 37.00 ലക്ഷം)<br>5. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ മീൻ കുന്ന് ബീച്ച് റോഡിന്റെ നവീകരണ പ്രവൃത്തി - പ്രവൃത്തിയ്ക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു. (ഭരണാനുമതി തുക- 19.40 ലക്ഷം)<br>6. അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ ആധുനികവൽക്കരണ പ്രവൃത്തികൾ - നബാർഡ് ഫണ്ട് ഉപയോഗിച്ച് 25.36 കോടിയുടെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.<br>7. അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം പുരോഗമിക്കുന്നു. (ഭരണാനുമതി തുക- 24.00 ലക്ഷം)<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ;<br><br>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം <u>(Development of Micro Enterprises)</u> |

കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിന് രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

| പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ചെലവഴി തുക |
|---|---|---|
| ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 15 | 29, 55,139 |
| റിവോൾവിംഗ് ഫണ്ട് | 10 | 3,75,000 |
| ടെക്നോളജി ഫണ്ട് | 1 | 25,000 |

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം എന്ന പദ്ധതി പ്രകാരം ആരംഭിച്ച യൂണിറ്റുകൾ നന്നായി പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ